തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, നിലവിലുള്ള തീരദേശസംരക്ഷണ നിയമപ്രകാരം കടലോരത്ത് വീട് നിർമ്മിക്കാൻ അനുവാദം ലഭിക്കാത്ത പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. എന്നാൽ കടലോരത്ത് വീടും മറ്റ് കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് തീരദേശനിയമം CRZ-അനുസരിച്ച് ചില നിയന്ത്രണങ്ങളും നിബന്ധനകളുമുണ്ട്. ഈ നിയമം കേന്ദ്രസർക്കാരാണ് പ്രാബല്യത്തിൽ വരുത്തിയത്. സംസ്ഥാനത്ത് സമുദ്രതീര പ്രദേശങ്ങളിൽ വേലിയേറ്റ സമുദ്രനിരപ്പിൽ നിന്നും 500 മീറ്റർ അകലം വരെയുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും സുപ്രീംകോടതിയുടെ 12-12-1994-ലെ വിധിയിലൂടെ നിരോധിച്ചിട്ടുമുണ്ട്. തീരദേശസംരക്ഷണ നിയമത്തിലെ ചില വ്യവസ്ഥകൾ സംസ്ഥാനത്തിന് ഹാനികരമാണെന്നും ആയതിനാൽ കേന്ദ്രഗവൺമെന്റ് നിയമം ഭേദഗതി ചെയ്യണമെന്നും സംസ്ഥാന സർക്കാർ 1997-ൽ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനെത്തുടർന്ന് നിയമിക്കപ്പെട്ട പ്രൊഫസർ എൻ. ബാലകൃഷ്ണൻ നായർ കമ്മീഷന്റെ ശുപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുമുണ്ട്. കേന്ദ്രസർക്കാർ 1999 ആഗസ്റ്റ് 5-ന് തീരദേശവാസികൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് ചില ഇളവുകൾ പ്രഖ്യാപിച്ച് ഒരു കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതിൻമേൽ സംസ്ഥാനസർക്കാർ ചില പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാന സർക്കാരുകളിൽ നിന്നും സന്നദ്ധ സംഘടനകളിൽനിന്നും കേന്ദ്ര സർക്കാരിന് ലഭിച്ച നിർദ്ദേശങ്ങളുടെയും ആക്ഷേപങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു അന്തിമവിജ്ഞാപനം താമസംവിനാ പുറപ്പെടുവിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ തീരദേശവാസികൾക്ക് വീടുകൾ നിർമ്മിക്കാൻ കൂടുതൽ ഇളവുകൾ ലഭിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

(6) തൃശ്ശൂർ നഗരത്തിലെ മാലിന്യ സംസ്ക്കരണ പദ്ധതി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശ്ശൂരിലെ ലാലൂർ പ്രദേശത്തെ മാലിന്യ സംസ്ക്കരണ പ്രശ്നത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. തൃശ്ശൂർ മുനിസിപ്പാലിറ്റി അത് ടെണ്ടർ ചെയ്ത് ഓപ്പൽ എന്ന കമ്പനിക്ക് നൽകി. അത് അംഗീകാരത്തിനുവേണ്ടി സർക്കാരിലേയ്ക്ക് അയച്ചപ്പോൾ ചില തടസ്സങ്ങൾ പറഞ്ഞ് വീണ്ടും റീടെണ്ടറിന് നിർദ്ദേശം കൊടുത്തു. റീടെണ്ടർ വച്ചുവെങ്കിലും പ്രശ്നപരിഹാരം നീണ്ടുപോയിരിക്കുകയാണ്. നിശ്ചിത കാലാവധിക്കുള്ളിൽ മാലിന്യ സംസ്ക്കരണ നടപടികൾ ഏർപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാന്റ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിൽ പ്രതിഷേധിച്ച് തദ്ദേശവാസികൾ ദിവസങ്ങളായി അവിടെ സമരത്തിലാണ്. മാലിന്യ സംസ്ക്കരണത്തിന് വ്യക്തമായ ശാസ്ത്രീയമായ ഒരു ഏകീകൃത പദ്ധതിയില്ല എന്നതാണ് സത്യം. പല ഏജൻസികളും പല പദ്ധതികളുമായി വരുന്നു. അതിന്റെ വിശദാംശങ്ങളെക്കുറിച്ച് സംശയങ്ങൾ ഉന്നയിക്കുന്നതുകൊണ്ട് ആ പദ്ധതി നടപ്പിൽ വരുത്തുന്നതിന് കാലതാമസം വരികയാണ്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് സർക്കാർ വിദഗ്ദ്ധൻമാരെക്കൊണ്ട് മാലിന്യ സംസ്ക്കരണത്തിനുള്ള ശാസ്ത്രീയമായ ഒരു പദ്ധതി ആവിഷ്കരിച്ച്, തൃശ്ശൂരിലെ ലാലൂരിൽ ഉടനടി നടപ്പിൽ വരുത്താൻ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, തൃശ്ശൂർ നഗരസഭ അതിർത്തിയ്ക്കുള്ളിലുണ്ടാകുന്ന ഖര മാലിന്യങ്ങൾ (ലാലൂർ എന്ന സ്ഥലത്തെ) നഗരസഭ ഏറ്റെടുത്ത് 25.64 ഏക്കർ സ്ഥലത്ത് ട്രഞ്ചുകൾ ഉണ്ടാക്കി നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്. മണ്ണിട്ട് ട്രഞ്ചുകൾ നികത്തി കീടശല്യം ഒഴിവാക്കുന്നതിന് കീടനാശിനിയും പ്രയോഗിക്കുന്നുണ്ട്. എന്നാലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ അയ്യന്തോൾ ലാലൂർ നിവാസികൾ പ്രതിഷേധം ഉയർത്തിയിട്ടുണ്ട്. ഇത് മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളെ ചെറിയ തോതിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തൃശ്ശൂർ നഗരസഭയിലെ ഖരമാലിന്യങ്ങൾ ശാസ്ത്രീയരീതിയിൽ ജൈവവളമായി മാറ്റുന്നതിന് കർണാടക കംപോസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ രൂപകൽപ്പന ചെയ്ത സാങ്കേതിക രീതി ഉപയോഗിച്ച് ഒരു ചവർ സംസ്ക്കരണ പ്ളാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നഗരങ്ങളിലെ ചപ്പുചവറുകൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച സാങ്കേതിക കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഇത്തരം പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജൈവവള പദ്ധതി പ്രാവർത്തികമാകുന്നതോടെ തൃശ്ശൂർ നഗരത്തിലെ ഖരമാലിന്യങ്ങൾ മൂലം ഉണ്ടാകുന്നതായി ആരോപിക്കപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചിട്ടുള്ളതുപോലെ കേരളത്തിലെ പ്രത്യേകതയനുസരിച്ച്, അതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനു വേണ്ടിയുള്ള പ്ളാന്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ആലോചിക്കുന്നതായിരിക്കും.

(7) കൂർക്കഞ്ചേരി പഞ്ചായത്തിലും തൃശ്ശൂരിലെ വിവിധ പ്രദേശങ്ങളിലും അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, തൃശ്ശൂരിലേയും പരിസരത്തേയും കുടിവെള്ള പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. തൃശ്ശൂരിലെ കുടിവെള്ള ക്ഷാമം രൂക്ഷമായിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൂർക്കഞ്ചേരി പഞ്ചായത്ത് ഉൾപ്പെടെ തൃശ്ശൂർ മുനിസിപ്പാലിറ്റി, മണലൂർ, അടാട്ട്, അയ്യന്തോൾ തുടങ്ങിയ വിവിധ പഞ്ചായത്തുകളിലേയും ജനങ്ങൾ പീച്ചിയിലെ വെള്ളമാണ് ഉപയോഗിക്കുന്നത്. ഈ പ്രദേശങ്ങളിലെ ജനങ്ങളെല്ലാം കഴിഞ്ഞ 2 മാസമായി കുടിവെള്ളം കിട്ടാതെ ബുദ്ധിമുട്ടുകയാണ്. ഈ 2 മാസത്തിനിടയിൽ 8 തവണ ഈ മേഖലയിൽ പൈപ്പു പൊട്ടി. ഇപ്പോൾ പൈപ്പു പൊട്ടുന്നത് ഒരു നിത്യസംഭവമാണ്. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ പറയുന്നത് നിലവിലുള്ള പ്രിമോ പൈപ്പ് മാറ്റാതെ അതിനു പരിഹാരമില്ല എന്നാണ്. അതിനർത്ഥം അടിയന്തിരമായി ഈ പൈപ്പുകൾ മാറ്റി കാസ്റ്റ് അയൺ പൈപ്പ് സ്ഥാപിക്കണമെന്നാണ്. ഇത് ഉടനെ ചെയ്യാൻ കഴിയുന്ന തല്ല. താൽക്കാലികമായ റിപ്പെയറുകളും അറ്റകുറ്റപ്പണികളും മാത്രമാണ് ഇവിടെ നടക്കുന്നത്. അതും പരിമിതമായ തോതിൽ. ഇതിന്റെ ഫലമായി ജനങ്ങൾ ദിവസങ്ങളോളം കുടിവെള്ളം കിട്ടാതെ നരകിക്കുന്നു. എന്റെ മണ്ഡലത്തിൽ കൂർക്കഞ്ചേരി, ചീയാരം, കണിമംഗലം, കണ്ണംകുളങ്ങര, വടൂർക്കര, കരിയാച്ചിറ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ഇപ്പോൾ പൈപ്പിൽ വെള്ളം

LIBRARY ARCHIVES Kerala Legislative Assembly